## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1227

12.03.2015 - ൽ മറുപടിയ്ക്ക്

## കയർ മേഖല -യുവ സംരഭകർക്ക് സഹായം

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) കയർ മേഖലയിൽ സ്റ്റാർട്ട്- അപ്പ് ഇൻക്യൂബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; | (എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്ന തിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും, നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചി ട്ടുണ്ട്. അതു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) കയർ മേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക, ഇത്തരം നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| സി) പുതിയ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യുവ സംരഭകർക്ക് വേണ്ട സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ, എന്നിവ കയർമേഖലയിൽ നടപ്പാക്കുന്നതിന് മുന്നോട്ട് വരുന്ന യുവസംരംഭകരെ സാങ്കേതികമായി സഹായിക്കുന്നതിന് ഇൻകുബേഷൻ സെല്ലും സാമ്പത്തികമായി സഹായിക്കുന്നതിന് ഇന്നവേഷൻ ഫണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| ഡി) യുവ സംരഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇത് വഴി ലഭിക്കുന്നത് ; വിശദമാക്കാമോ? | ഡി) നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്ക് / സ്ഥാപനങ്ങൾ ക്ക് ഏജൻസികൾക്ക് ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിലെ ഗവേഷണ വികസന സ്ഥാപനമായ എൻ സി ആർ എം ഐ യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ